Draft #2 of File ACB1/3/94664/2021 Approved by ASSISTANT REGISTRAR I (ACADEMIC) on 30-Nov-2021 04:14 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് നടത്തപ്പെടുന്ന ഇന്റർവ്യൂവിൽ പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികളുടെ റാങ്ക്‌ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച് - സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 1 സെക്ഷൻ**

നമ്പർ. 6532/AC B 1/2021/എം.ജി.യു | പ്രിയദർശിനി ഹിൽസ്,തീയതി: 01.12.2021

---

*പരാമർശം:*-1. 20.11.2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്സ് (21.05)ഇനം നമ്പർ 89/21.05/ACB1/3/94664/2021.

**<u>ഉത്തരവ്</u>**

എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഇന്റർവ്യൂവിൽ പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികളുടെ റാങ്ക്‌ലിസ്റ്റ് പ്രസ്തുത കോളേജ് മാനേജ്മെൻറ് തയ്യാറാക്കാറുണ്ട്. എന്നാൽ ടി മാനേജ്മെന്റുകൾ പ്രസ്തുത റാങ്ക്‌ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തതിനെതിരെ പരാതി സർവ്വകലാശാലയിൽ ലഭ്യമായിരുന്നു.

20.11.2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം മേൽ വിഷയം പരിഗണിച്ച് പരാമർശം (1 ) പ്രകാരം താഴെ പറയുന്ന തീരുമാനം കൈകൊണ്ടിരിക്കുന്നു.

"കോളേജുകളിലെ നിയമന പ്രക്രിയ സുതാര്യമാക്കുന്നതിന്, കോളേജുകളിൽ നടക്കുന്ന നിയമനവുമായി ബന്ധപ്പെട്ട റാങ്ക് ലിസ്റ്റ് മാനേജർ ഒപ്പിടുന്ന ദിവസം തന്നെ കോളേജ് നോട്ടീസ് ബോർഡിലും കോളേജിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കണം എന്ന നിർദ്ദേശം കോളേജുകൾക്ക് നൽകുന്നതിന് തീരുമാനിച്ചു."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

2. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം/എറണാകുളം.

3. എല്ലാ സ്വകാര്യ എയ്ഡഡ് കോളേജുകളിലെയും മാനേജർ/ പ്രിൻസിപ്പാൾ

4. വൈസ് ചാൻസലറുടെ/പ്രൊ വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി.

5. രജിസ്ട്രാറുടെ/ പരീക്ഷ കൺട്രോളറുടെ പി.എ.

6. ഐ ക്യു എ സി / എ സി ബി 2 / എ.സി.സി I/II സെക്ഷൻ.

7. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ / റെക്കോർഡ്സ് സെക്ഷൻ.

8. കരുതൽ ഫയൽ / ഫയൽ കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File ACB1/3/94664/2021 Approved by ASSISTANT REGISTRAR I (ACADEMIC) on 30-Nov-2021 04:14 PM - Page 2